പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4433

04/02/2014-ൽ
മറുപടിയ്ക്ക്.

കാസറഗോഡ് ഗവൺമെന്റ് കോളേജിൽ പുറത്താക്കപ്പെട്ട വിദ്യാർത്ഥികൾ

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസറഗോഡ് ഗവൺമെന്റ് കോളേജിൽ നിന്ന് കോളേജ് കൗൺസിൽ ഐകകണ്ഠേന തീരുമാനിച്ച് എത്ര കുട്ടികളെ കോളേജിൽ നിന്നും പുറത്താക്കിയിരുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | മൂന്നു വിദ്യാർത്ഥികളെ പുറത്താക്കിയിരുന്നു. അവരുടെ പേരും വിലാസവും ചുവടെ ചേർക്കുന്നു.<br>1) മുഹയുദ്ദീൻ മുർഷിദ്. സി എൻ<br>അഞ്ചാം സെമസ്റ്റർ ബി എസ് സി കമ്പ്യൂട്ടർ സയൻസ്<br>S/o. അബ്ദുള്ള സി. എൻ<br>നീർച്ചാൽ കോമ്പൗണ്ട്, കെ കെ പുരം<br>പേർക്കള പി. ഒ, കാസർഗോഡ് - 671 541<br>2) മൊയ്തീൻ നിസാമുദ്ദീൻ എം എ<br>അഞ്ചാം സെമസ്റ്റർ ഫിസിക്സ്<br>റഹ്മത്ത് നഗർ, മല്ലം പി ഒ<br>കാസർ ഗോഡ് - 671 542<br>3) ഹർഷാദ് എ<br>അഞ്ചാം സെമസ്റ്റർ ബി എ അറബിക്<br>S/o. മുഹമ്മദ് ഹനീഫ<br>സഫ മൻസിൽ<br>മീത്തൽ ഏരോൽ, നെക്കി, മൈലാട്ടി പി ഒ<br>ഉദുമ - 671 319 |
| (ബി) | ഇവരെ പുറത്താക്കുന്നതിന് കോളേജ് കൗൺസിൽ തീരുമാനമെടുക്കാനുണ്ടായ കാരണം വിശദമാക്കാമോ ; | (ബി) | 06.11.2013 ന് കോളേജിൽ വെച്ച് നടന്ന വിദ്യാർത്ഥി സംഘട്ടനത്തിൽ മേൽപറഞ്ഞ വിദ്യാർത്ഥികൾ കോളേജിലെ ഒരു വിദ്യാർത്ഥിയുടെ തലയ്ക്ക് ഇരുമ്പ് വടി കൊണ്ട് അടിച്ച് പരിക്കേല്പിക്കുകയും മാരകമായി മുറിവേറ്റ ടി വിദ്യാർത്ഥിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഇതേതുടർന്ന് കോളേജ് അദ്ധ്യാപകരടങ്ങുന്ന ഒരു അന്വേഷണ കമ്മിറ്റിയെ നിയോഗിക്കുകയും അന്വേഷണ കമ്മിറ്റി മേൽ പറഞ്ഞ മൂന്ന് വിദ്യാർത്ഥികളെ കുറ്റക്കാരായി കണ്ടെത്തുകയും ചെയ്തു. അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട് കോളേജ് കൗൺസിൽ ചർച്ച ചെയ്യുകയും ടി വിദ്യാർത്ഥികളെ കോളേജിൽ നിന്നും പുറത്താക്കാൻ തീരുമാനിക്കുകയും ചെയ്തു. . |

| | | | |
|---|---|---|---|
| (സി) | കോളേജിൽ . ഇവർ നടത്തിയ അക്രമസംഭവങ്ങൾ എന്തൊക്കെയാണെന്നും എത്ര കേസ്സുകൾ ഇവരുടെ പേരിൽ നിലവിലുണ്ടെന്നും ഇതിൽ പെൺകുട്ടികളെ ആക്രമിച്ച കേസ് എത്രയുണ്ടെന്നുമുള്ളത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ; | (സി) | 23.03.12 ന് കോളേജിലെ ഒരു വിദ്യാർത്ഥിയുടെ കണ്ണിൽ മുളകപൊടി വിതറി ഇരുമ്പ് വടികൊണ്ടടിച്ച കേസിൽ (ക്രൈം നമ്പർ 373/2012/കാസർഗോഡ് പോലീസ് സ്റ്റേഷൻ ) ടി വിദ്യാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. 04.07.2012 ന് കോളേജിൽ നടന്ന വിദ്യാർത്ഥി സംഘടനത്തെ തുടർന്ന് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 832/12 കേസിൽ ശ്രീ. ഹർഷാദ് എ യുടേയും ശ്രീ മുഹയുദ്ദീൻ മുർഷിദിന്റേയും പേരുകൾ ഉൾപ്പെട്ടിട്ടുണ്ട്. പെൺകുട്ടികളെ ആക്രമിച്ച കേസുകളിൽ ഇവർ പ്രതികളല്ല. |
| (ഡി) | പുറത്താക്കപ്പെട്ടവരെ കോളേജിൽ തിരിച്ചെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് ഇത്തരത്തിലുള്ള നീക്കം നടത്തുന്നതെന്ന് അറിയിക്കാമോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ